(Project Performance Management System) രൂപീകരണത്തിന് സാങ്കേതിക ഉപദേശം നൽകുന്നതിനായി ഡച്ച് ഗവൺമെന്റിന്റെ സഹായത്തോടെ കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ട്.

ഭരണ നവീകരണം-സർവ്വീസ് ദാതാവിനെ നിയമിക്കാനുള്ള നടപടി

18 (3754) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പരിപാടികൾക്കായി സർവ്വീസ് ദാതാവിനെ നിയമിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്ത് മാനദണ്ഡപ്രകാരമാണ് ഈയാളെ നിയമിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) ഇതിനായി എ.ഡി.ബി. യിൽ നിന്നോ മറ്റു വിദേശ ഏജൻസികളിൽ നിന്നോ സർവ്വീസ് ദാതാവിനെ നിയമിക്കുന്ന കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഡി) സർവ്വീസ് ദാതാവിന്റെ അധികാരങ്ങളും ജോലികളും ശമ്പളവും ബത്തകളും എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിന് നിയോഗിക്കുന്ന ആൾ സംസ്ഥാന സർവ്വീസിൽ നിന്നാണോ വിദേശ സർവ്വീസിലുള്ളയാണോ എന്നും, പ്രസ്തുത വ്യക്തിയെ തെരെഞ്ഞടുക്കുന്ന ഏജൻസി ആരാണ് എന്നും വ്യക്തമാക്കുമോ ;

(എഫ്) ഭരണ നവീകരണം ഏതെല്ലാം തലങ്ങളിൽ എപ്രകാരം നടത്തുന്നത് സംബന്ധിച്ച പഠനമാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സർക്കാർ നവീകരണ പരിപാടിയുടെ നടത്തിപ്പിൽ എപ്പോഴെങ്കിലും വിദഗ്ദ്ധരുടെ സേവനം ആവശ്യമായി വരികയാണെങ്കിൽ സംസ്ഥാന സർക്കാർ ഔദ്യോഗികമായി അഭ്യർത്ഥിക്കുന്നമുറയ്ക്ക് വിദഗ്ദ്ധ സേവനം ലഭ്യമാക്കാൻ വേണ്ടി ഒരു സേവന ദാതാവിനെ കണ്ടെത്താൻ നെതർലാന്റ് സർക്കാരിന്റെ സഹായ വാഗ്ദാനം ലഭിച്ചിട്ടുണ്ട് ഇതിനുവേണ്ടി വരുന്ന ചെലവ് അവർ തിരിച്ചടയ്ക്കേണ്ടതില്ലാത്ത ഗ്രാന്റായി നൽകുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഡച്ച് എംബസി നിർണ്ണയിച്ച മാനദണ്ഡപ്രകാരമാണ് (Terms of Reference) സേവന ദാതാവിനെ തെരഞ്ഞെടുക്കുക. സാങ്കേതിക പരിജ്ഞാനവും, ഈ രംഗത്തെ അനുഭവവും വിലയിരുത്തിയ ശേഷം ഏറ്റവും കുറഞ്ഞ ഓഫർ നൽകുന്ന ഏജൻസിക്കാവും കരാർ നൽകുക.

(സി) ഡച്ച് എംബസി സേവന ദാതാവിനെ തിരഞ്ഞെടുക്കാൻ ടെണ്ടർ വിളിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരിന് പ്രത്യേകം നിർദ്ദേശങ്ങളൊന്നും നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സേവന ദാതാവ് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം വിദഗ്ദ്ധരെ കണ്ടെത്തി അവരുടെ സേവനം ഭരണ നവീകരണ പരിപാടിയ്ക്ക് ലഭ്യമാക്കും. സേവന ദാതാവിനുള്ള പ്രതിഫലം ഡച്ച് സർക്കാർ നേരിട്ട് നൽകും. ടെണ്ടർ തീരുമാനമായ ശേഷമേ പ്രതിഫലത്തുക നിർണ്ണയിക്കാൻ കഴിയൂ.

(ഇ) സേവന ദാതാവ് വ്യക്തിയല്ല, ഏജൻസിയാണ്. നെതർലന്റ് എംബസിയുടെ ഒരു ടെണ്ടർ കമ്മിറ്റിയാണ് സേവന ദാതാവിനെ തിരഞ്ഞെടുക്കുന്നത്. ടെണ്ടർ തീരുമാനമായ ശേഷം മാത്രമേ ഏതു രാജ്യത്തിലെ ഏജൻസിക്കാണ് കരാർ ലഭിക്കുക എന്ന് നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(എഫ്) പഠനങ്ങളൊന്നും ഉദ്ദേശിച്ചിട്ടില്ല.

സർക്കാർ നടപടിക്രമങ്ങൾ ലളിതമാക്കാൻ സംവിധാനം

19 (3755) ഡോ. തോമസ് ഐസക് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ഭരണ നടപടിക്രമം ലളിതമാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റൂളുകളുടെ ലളിതവൽക്കരണവും, ഭരണ നടപടിക്രമം ലളിതമാക്കാനുള്ള കേരള ഭരണ പരിഷ്ക്കാര സമിതിയുടെ ഏതാനും നിർദ്ദേശങ്ങളും പരിശോധിച്ചു വരുന്നതേയുള്ളൂ. അന്തിമ തീരുമാനമായിട്ടില്ല.

മാൻപവർ സെൽ രൂപീകരിക്കാൻ നടപടി

20 (3750) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ പെരുകിവരുന്ന സർവ്വീസ് കേസുകൾ പരിഗണിച്ച് സർക്കാർ സർവ്വീസിലെ സർവ്വീസ് സംബന്ധമായ തർക്കങ്ങളും കേസുകളും പരിഹരിക്കുന്നതിലേക്കായി പ്രത്യേക മാൻപവർ സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സർവ്വീസ് സംബന്ധമായ ചട്ടങ്ങളിലും നിയമങ്ങളിലും പരിശീലനം നൽകി നിയമ ബിരുദമുള്ളവരെ ഉൾപ്പെടുത്തി വിവിധ വകുപ്പുകളിൽ നിലവിലുള്ള സർവ്വീസ് സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ;

(സി) സർവ്വീസ് സംബന്ധമായ പരാതികൾക്ക് യഥാസമയം പരിഹാരം കാണാത്തതിൽ ഹൈക്കോടതിയിൽ പെരുകി വരുന്ന കേസുകൾ കുറയ്ക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly